നിലവിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റ് സന്ദർശിച്ച് വിശദമായ പഠനം നടത്തി. ടി പ്ലാന്റ് പ്രവർത്തനക്ഷമമാക്കി മുനിസിപ്പാലിറ്റിയിലെ ഖരമാലിന്യ സംസ്കരണത്തിന് ഒരു ശാശ്വത പരിഹാരം കാണാൻ കഴിയുകയില്ല എന്ന് കമ്മറ്റിക്ക് ബോധ്യപ്പെടുകയും നിലവിലുള്ള കരാറുകാരൻമാരുമായുള്ള എല്ലാവിധ എഗ്രിമെന്റുകളും നഗരസഭ അവസാനിപ്പിക്കുകയും ചെയ്തു. ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടതിനും ഇത് സംബന്ധമായ തുടർ നടപടികൾക്കും ക്ലീൻ കേരള മിഷനെ ചുമതലപ്പെടുത്തി.

(ബി) ഗുരുവായൂർ നഗരസഭയുടെ സമഗ്രമായ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ക്ലീൻ കേരള മിഷൻ പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്. ഇതിനായി 2000-ാമാണ്ടിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനം കൈകാര്യം ചെയ്യലും) ചട്ടങ്ങൾ പ്രകാരം 31-3-2004 ലെ സർക്കാർ ഉത്തരവ് നം. 40/2004/-പ്ലാനിംഗ് പ്രകാരം സംയോജിത ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കി ക്ലീൻ കേരള മിഷന് സമർപ്പിക്കാൻ ഗുരുവായൂർ നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുവേണ്ട എല്ലാവിധ സാങ്കേതിക സഹായവും ഭാഗിക സാമ്പത്തിക സഹായവും ക്ലീൻ കേരളാ മിഷൻ നൽകുന്നതാണ്.

ഗുരുവായൂർ അഴുക്കുചാൽ പദ്ധതി

116. [882] ശ്രീ. പി.കെ.കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ അഴുക്കുചാൽ പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടത് ;

(സി) ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ ;

(ഡി) അഴുക്കുചാലിന്റെ പണി എന്നാണ് ആരംഭിച്ചത് ;

(ഇ) ഇത് എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി, സി, ഡി & ഇ) വിവരം ശേഖരിച്ചുവരുന്നു.

കോഴിക്കോട് നഗരത്തിലെ സ്കൂളുകളുടെ അറ്റകുറ്റ പ്രവൃത്തികൾ

117. [884] ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലെ ഏതെല്ലാം സ്കൂളുകളുടെ അറ്റകുറ്റ

ശ്രീ. ഡി. സുഗതൻ 5-7-2005 ന് എം.എൽ.എ. സ്ഥാനം രാജിവെച്ചതിനാൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (883) പരിഗണിക്കപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തികളാണ് കോഴിക്കോട് കോർപ്പറേഷൻ ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളത് ; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇതിന് ഓരോ സ്കൂളിനും വേണ്ടി ചിലവഴിച്ച സംഖ്യ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം സ്കൂളുകളുടെ ആറ്റകുറ്റ പ്രവൃത്തികളാണ് ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ളത് ; ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി) വിശദവിവരം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. †

(സി) അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. †

കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

118. [885] ശ്രീ. കെ.വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിൽ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികകളാണ് ജീവനക്കാരില്ലാതെ ഒഴിഞ്ഞ് കിടക്കുന്നതെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ ;

(സി) ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ)	എക്സിക്യൂട്ടീവ് എഞ്ചിനീയർ	–	1
	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	–	3
	അസിസ്റ്റന്റ് എഞ്ചിനീയർ	–	21
	ഓവർസിയർ	–	72
(ബി)	എക്സിക്യൂട്ടീവ് എഞ്ചിനീയർ	–	1
	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	–	3
	അസിസ്റ്റന്റ് എഞ്ചിനീയർ	–	8
	ഓവർസിയർ	–	36

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly